# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2696** **14.12.2015 -ൽ മറുപടിയ്ക്ക്**

## ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**" ടി.എൻ.പ്രതാപൻ**<br>**" ഷാഫി പറമ്പിൽ**<br>**" എം.പി.വിൻസെന്റ് :** | | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ.എസ്.ഡി.എഫ്, എം.പി.എൽ. എ.ഡി, എ.ആർ.ഡബ്ല്യൂ.എസ്. എസ് ത്രിതല പഞ്ചായത്ത് / മറ്റു സർക്കാർ വകുപ്പുകളുടെ ഡിപ്പോസിറ്റ് പദ്ധതി എന്നിവയിലു ൾപ്പെടുത്തി ഭൂഗർഭ ജലം ഉപയോഗപ്പെടു ത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാനുദ്ദേശി ക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. രാജീവ് ഗാന്ധി പദ്ധതിയിലുൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക വരൾച്ച ദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേകതുക, എം.എൽ.എ. എസ്.ഡി.എഫ്, എം.പി.എൽ. എ.ഡി, എ.ആർ.ഡബ്ല്യൂ.എസ്. എസ് എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക, ത്രിതല പഞ്ചായത്ത് /സർക്കാർ വകുപ്പുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതും മറ്റ് കുടിവെള്ള |

പദ്ധതികൾ നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ചെറുകിടകുടിവെള്ള പദ്ധതികളും ജല ലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് സ്ഥാപിച്ച് കുടിവെള്ള സംവിധാനവും നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയിൽകൂടി ഉദ്ദേശിക്കുന്നത്.

| | |
|---|---|
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 2012-13 ൽ 10 കോടി രൂപയും 2013-14 ൽ 4 കോടി രൂപയും 2014-15 ൽ 8.45 കോടി രൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ 9.94, 3.96, 8.44 കോടി രൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2015-2016 സാമ്പത്തിക വർഷം 2 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ